(എഫ്) ഇത്തരം കാര്യങ്ങളിൽ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതിനു മാത്രമേ സാദ്ധ്യമാകുകയുള്ളു.

തൊടിയൂർ വട്ടക്കായൽ സ്കീം

1222 [1952] ശ്രീ. കല്ലട നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ തൊടിയൂർ വട്ടക്കായൽ സ്കീം കായൽ റിക്ലമേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പണി തുടങ്ങാനുള്ള കാലതാമസത്തിന് കാരണം എന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പാലക്കാട് മിൽക്ക് സപ്ലൈ യൂണിയൻ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

1223 [1953] ശ്രീ. പി. ശങ്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് മിൽക്ക് സപ്ലൈ യൂണിയൻ മിൽമാ ഏറ്റെടുത്ത ശേഷം അവിടുത്തെ ജീവനക്കാർക്ക് മിൽമായുടെ മറ്റു യൂണിറ്റുകളിലെ ജീവനക്കാർക്കു തുല്യമായി സേവന-വേതന വ്യവസ്ഥകൾ അംഗീകരിക്കാത്തത് എന്തുകൊണ്ട്;

(ബി) ഇപ്പോൾ എടുക്കുന്ന കാഷ്വൽ തൊഴിലാളിക്ക് 9 രൂപ ദിവസക്കൂലി കൊടുക്കുമ്പോൾ സ്ഥിരമായി പ്രവർത്തിക്കുന്നവർക്ക് മാസത്തിൽ 225 രൂപ കൊടുക്കുന്നതിന്റെ കാരണമെന്ത് ?

ഉത്തരം

(എ) പാലക്കാട് മിൽക്ക് സപ്ലൈ യൂണിയൻ ''മിൽമാ'' ഏറ്റെടുത്തിട്ടില്ല. പാലക്കാട് ഡയറി പ്ലാന്റിന്റെ നടത്തിപ്പ് സർക്കാർ യൂണിയനിൽനിന്നും ഏറ്റെടുത്തു മിൽമയെ ഏൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ജീവനക്കാർ യൂണിയന്റെ കീഴിൽ പ്രവർത്തിച്ചിരുന്നപ്പോൾ ഉള്ള സേവന-വേതന വ്യവസ്ഥകൾ തന്നെയാണ് തുടർന്നു പോരുന്നത്. മുൻപറഞ്ഞ സംവിധാനത്തിൽ ഈ തൊഴിലാളികൾ ''മിൽമ'' യുടെ തൊഴിലാളികളായി തീർന്നിട്ടില്ലാത്തതിനാൽ 'മിൽമാ' യുടെ മറ്റു യൂണിറ്റുകളിലുള്ള ജീവനക്കാർക്ക് തുല്യമായ സേവന-വേതനവ്യവസ്ഥകൾ ഇവർക്ക് ഏർപ്പെടുത്തിയിട്ടില്ല.

(ബി) പാലക്കാട് ഡയറിയിലെ തൊഴിലാളികൾക്ക് പാലക്കാട് മിൽക്ക് സപ്ലൈ യൂണിയന്റെ കീഴിൽ കിട്ടിക്കൊണ്ടിരിക്കുന്ന വേതന നിരക്കാണ് ഇപ്പോഴും നൽകി വരുന്നത്. ഇവർക്ക് കാഷ്വൽ തൊഴിലാളികളുമായി യാതൊരു താരതമ്യവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly